ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

നിലവിലുള്ള നടപടി ക്രമമനുസരിച്ച് പെറുകിട പ്രതങ്ങൾക്കും ഗവൺമെൻറ് പരസ്യം നൽകുന്നുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെൻറ് ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

അദ്ധ്യാപകസഹകരണസംഘങ്ങൾ

*594 [634] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അദ്ധ്യാപക സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) ഈ സംഘങ്ങൾക്ക് ഗവൺമെൻറിൽനിന്നു വല്ല സഹായവും നൽകുന്നുണ്ടോ;

(സി) സംസ്ഥാനത്തെ അദ്ധ്യാപക സഹകരണസംഘങ്ങളുടെ ഒരു അപ്പക്സ് ബോഡി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) സംസ്ഥാനത്ത് ഇപ്പോൾ 50 അദ്ധ്യാപകസഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ സഹകരണസംഘങ്ങൾക്കു സർക്കാർ നൽകിവരുന്ന ഓഹരി മൂലധനം, മാനേജീരിയൽ സബ്സിഡി, വാടക സബ്സിഡി എന്നീ സഹായങ്ങൾ സർക്കാർ അദ്ധ്യാപക സഹകരണ സംഘങ്ങൾക്കും ലഭിക്കുന്നുണ്ട്.

(സി) ഇക്കാര്യം ഇതുവരെ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

സംസ്കൃതകമ്മീഷൻ റിപ്പോർട്ട്

*595 [635] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. വി. കൃഷ്ണവാരിയർ സംസ്കൃത കമ്മീഷൻ റിപ്പോർട്ട് എന്നാണ് ഗവൺമെൻറിലേക്ക് സമർപ്പിച്ചത്;

(ബി) റിപ്പോർട്ടിൻമേൽ ഗവൺമെൻറ് തീരുമാനം എടുക്കാത്തതിന്റെ കാരണം എന്താണ്?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) 1974 മേയ് 23-ാം തീയതി.

(ബി) റിപ്പോർട്ട് പരിശോധിച്ചശേഷം ഇതു നടപ്പാക്കുന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly